"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായ ശ്രീമതി. ശ്രീലക്ഷ്മി ആർ.എസ് ന് പഠനാവശ്യത്തിനായി കെ.എസ്.ആർ ഭാഗം-I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1621/2022/LSGD തീയതി,തിരുവനന്തപുരം, 07-07-2022

---

പരാമർശം:-
1. ശ്രീമതി. ശ്രീലക്ഷ്മി ആർ.എസ് സമർപ്പിച്ച 18.03.2022 തീയതിയിലെ അപേക്ഷ
2. പഞ്ചായത്ത് ഡയറക്ടറുടെ 08.04.2022ലെ PAN/15335/2021- E10(DP) നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 29.09.2021 ന് സേവനത്തിൽ പ്രവേശിച്ച ശ്രീമതി. ശ്രീലക്ഷ്മി ആർ.എസ് ഉപരിപഠനത്തിനായി ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ അനന്തരനടപടികൾക്കായി പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ശ്രീമതി. ശ്രീലക്ഷ്മി. ആർ എസ് സമർപ്പിച്ച പരാമർശം (1) അപേക്ഷയിൽ 30.9.2021 തീയതി മുതൽ 07.11.2022 വരെ ബി. എഡ് കോഴ്സ് പൂർത്തിയാക്കുന്നതിനായി ശൂന്യവേതനാവധിക്ക് അപേക്ഷിക്കുകയും കൊല്ലം ഫാത്തിമ മെമ്മോറിയൽ ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ള 09.03.2022 തീയതിയിലെ സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്തു. ടി സർട്ടിഫിക്കറ്റ് പ്രകാരം ടിയാൾ ടി കോളേജിലെ 21 ഡിസംബർ 2020 മുതൽ 7 നവംബർ 2022 വരെയുള്ള അക്കാദമിക് വർഷത്തിൽ ബിഎഡ് ഡിഗ്രി (ഇംഗ്ലീഷ്) കോഴ്സ് വിദ്യാർത്ഥി ആണെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. കേരള സർവീസ് ചട്ടങ്ങൾ XII B അനുസരിച്ച് 30.09.2021 മുതൽ 07.11.2022 വരെ ശ്രീമതി. ശ്രീലക്ഷ്മിക്ക് ശൂന്യവേതനാവധിക്ക് അർഹത ഉണ്ടെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അവധി അപേക്ഷയിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ സാഹചര്യങ്ങളിൽ കോട്ടയം ജില്ലയിലെ മുത്തോലി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റായ ശ്രീമതി. ശ്രീലക്ഷ്മി ആർ.എസ് ന് പഠനാവശ്യത്തിനായി 30.9.2021 മുതൽ 07.11.2022 വരെ, കെ.എസ്.ആർ ഭാഗം-I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ.ഉ.(സാധാ) നം.1621/2022/LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി. ശ്രീലക്ഷ്മി ആർ.എസ്, ഓഫീസ് അറ്റൻഡന്റ്, മുത്തോലി ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, മുത്തോലി ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്),കേരള, തിരുവനന്തപുരം.

വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഓഫീസ് പകർപ്പ് (ഇപിഎ2/299/2021-തസ്വഭവ)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Danuja M S**

**Date: 07-07-2022 16:30:19**

സെക്ഷൻ ഓഫീസർ